# സീനിയർ ബേസിക് സ്കൂൾ ഓലശ്ശേരി

# "Recharge your Reading"

**<u>ആമുഖം</u>**

കോവിഡ് പ്രതിസന്ധി കാലം ആരംഭിച്ചതുമുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിശ്ചലമായി.എങ്കിലും 'കുട്ടികളുടെ അധ്യയനം ഏതു രീതിയിലും മുന്നോട്ടു കൊണ്ടു പോവുക' എന്ന ലക്ഷ്യത്തോടെ സർക്കാർ വിക്റ്റേഴ്സ് ചാനലിലൂടെ ക്ലാസുകൾ നൽകി തുടങ്ങി.അതോടൊപ്പം വിദ്യാലയങ്ങൾ കുട്ടികൾക്ക് കൈത്താങ്ങായി വ്യത്യസ്ത ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ സഹായത്താൽ തുടർ പഠനം ആരംഭിച്ചു.

ഈ പ്രതികൂല സാഹചര്യത്തിലും ഞങ്ങളുടെ വിദ്യാലയം പരമാവധി ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി മുന്നോട്ടുപോകുന്നു. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനോടൊപ്പം, അവയെ വിലയിരുത്തുകയും, പരിമിതികളെ മറികടക്കുന്നതിനുള്ള കൂടുതൽ മികവാർന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ഇതിനായി കൃത്യമായ ഇടവേളകളിൽ Online / Offline SRG യോഗങ്ങൾ സംഘടിപ്പിക്കുന്നു.

**<u>പ്രശ്നമേഖല – വിശദീകരണം</u>**

നിലവിലെ ഓൺലൈൻ പഠന സംവിധാനങ്ങൾ കുട്ടികൾക്ക് വൈവിധ്യമാർന്ന തലങ്ങളാണ് ഒരുക്കുന്നത്.എങ്കിലും ചില വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ, ഭാഷ നൈപുണികളിലെ അടിസ്ഥാനപരമായ LSRW, എന്നിവയിലെ Reading ( വായന )എന്ന മേഖലയിൽ വിദ്യാർഥികൾക്ക് Online പ്ലാറ്റ്ഫോമിൽ ചുരുങ്ങിയ സമയത്ത് സാധ്യതകൾ കുറവാണ് എന്ന് മനസ്സിലാക്കുകയും ചെയ്തു. നിലവിലെ ഓൺലൈൻ സംവിധാനം Interactive ക്ലാസ്സുകൾക്ക് ഏറെ പ്രയോജനകരമാണെങ്കിലും കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കുവാൻ പര്യാപ്തമല്ല.

**ലക്ഷ്യം :–**

കുട്ടികളിലെ  വായനാശീലം പരിപോഷിപ്പിക്കുക.

കോവിഡ് പ്രതിസന്ധി കാലത്ത് ഓൺലൈൻ പ്രവർത്തനങ്ങളുടെ പരിമിതിയാണ് വായന. ഈ പരിമിതി മറികടക്കുന്നതിനായി അധ്യാപകരുടെ കൂട്ടായ്മയിൽ പുതിയൊരു പദ്ധതിയ്ക്ക് ഞങ്ങളുടെ വിദ്യാലയം രൂപംനൽകി. LP ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുറച്ച് വിദ്യാർത്ഥികളിൽ പരീക്ഷണാടിസ്ഥാനത്തിൽ  ഈ പ്രവർത്തനം ആരംഭിച്ചു. ഇത് കുട്ടികളുടെ വായനയിൽ  മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും, വായന പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ പ്രയോജനകരമാണെന്നും തിരിച്ചറിഞ്ഞു. ഈ പദ്ധതി എല്ലാ ക്ലാസുകളിലും നടപ്പിലാക്കാൻ തീരുമാനിച്ചു.

**പദ്ധതി നിർവ്വഹണഘട്ടങ്ങൾ – വിശദീകരണം**

പദ്ധതിയുടെ വിശദാംശങ്ങൾ Google meet / whatts app സംവിധാനംവഴി രക്ഷിതാക്കൾക്കും കുട്ടികൾക്കും ക്ലാസടിസ്ഥാനത്തിൽ  വിശദീകരിച്ചു നൽകി, തുടർന്ന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലെ വായനാ ശേഷി മെച്ചപ്പെടുത്തുന്നതിനുള്ള  പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.

പദ്ധതിയുടെ ലക്ഷ്യങ്ങളെ മുൻനിർത്തി , അധ്യാപക കൂട്ടായ്മയിൽ നിന്നും രക്ഷിതാക്കളുടെ പിന്തുണയോടെ Recharge Your Reading  പദ്ധതി എല്ലാ ക്ലാസുകളിലും ഒക്ടോബർ മാസം മുതൽ നടപ്പിലാക്കി.

Online ക്ലാസ്സുകളിൽ നൽകുന്ന പാഠഭാഗ വായനയ്ക്ക് പുറമേ, വെള്ളി, ശനി , ഞായർ ദിവസങ്ങളിൽ അധിക വായന സാമഗ്രികൾ നൽകി (മറ്റു പുസ്തകങ്ങൾ, ചിത്രകഥകൾ, ന്യൂസ് പേപ്പർ , വായനാ കാർഡ് തുടങ്ങിയവ .......)വ്യത്യസ്തവും രസകരവുമായ വഴികളിലൂടെ വായനയെ മെച്ചപ്പെടുത്താൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. കുട്ടികളുടെ വായനയ്ക്കായി പാഠഭാഗം/ പത്രം / കഥ / വിദ്യാർത്ഥികൾക്ക്  ഇഷ്ടമുള്ള കഥാപുസ്തകത്തിന്റെ ഒരു പാരഗ്രാഫ് അല്ലെങ്കിൽ ഒരു പേജ് തെരഞ്ഞെടുത്ത്  അത് വായിച്ച് , Audio or video clip ഗ്രൂപ്പിൽ അയച്ചു തരുന്നു. ക്ലാസധ്യാപകർ അത് വിലയിരുത്തുന്നു. മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. വിദ്യാർത്ഥികൾ മെച്ചപ്പെടുത്തിയ അതേ ഭാഗം അല്ലെങ്കിൽ പുതിയത് വായിച്ച് ഗ്രൂപ്പിൽ Post ചെയ്യുന്നു(Reading Test). വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ അധിക പ്രവർത്തനമായാണ് ഗ്രൂപ്പുകളിൽ നൽകുന്നത്. നിത്യേനയുള്ള ഓൺലൈൻ

ഭാഷാ ക്ലാസ്സുകളിൽ തുടർ വിലയിരുത്തൽ പ്രക്രിയയായി ഒന്നോ രണ്ടോ വിദ്യാർത്ഥികളോട് അധ്യാപകർ പറയുന്ന ഒരു ഭാഗം വായിക്കുന്നുണ്ടെങ്കിലും, ഈ ശേഷി എല്ലാ കുട്ടികൾക്കും സ്വായത്തമാവുംവിധം വിദ്യാലയത്തിന്റെ തനതു പ്രവർത്തനമായാണ് ഏറ്റെടുത്തു നടപ്പിലാക്കി വരുന്നത്. ഇത് കുട്ടികൾക്കു തന്നെ സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും സാധ്യതയൊരുക്കുന്നു . അധ്യാപകർക്ക് തുടർ മൂല്യനിർണ്ണയം നടത്താനും കഴിയുന്നുണ്ട്.

അധ്യാപകർ അവരവരുടെ ക്ലാസ് ഗ്രൂപ്പുകൾ വഴി നൽകുന്ന ഈ പ്രവർത്തനങ്ങൾ കുട്ടികൾ ഏറെ ഉത്സാഹത്തോടെയും മത്സരബുദ്ധിയോടെ യുമാണ് ചെയ്തുവരുന്നത്.ഓരോ പ്രവർത്തനത്തിനും ,അധ്യാപകരോടൊപ്പം രക്ഷിതാക്കളും പൂർണ്ണ പിന്തുണയോടെ ഇതിൽ പങ്കാളികളാകുന്നു.

വിവിധ ഭാഷകളിലെ വായനയെ പരിപോഷിപ്പിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ, audio/video രൂപത്തിൽ വിദ്യാലയത്തിന് ലഭിക്കുന്നുണ്ട്. ഓരോ മാസവും ലഭിച്ച ഈ ഉൽപ്പന്നങ്ങളെ വിലയിരുത്തി , ക്ലാസ് അടിസ്ഥാനത്തിൽ ഒരു Shining star സ്റ്റാറിനെ കണ്ടെത്തുന്നു.

## നിഗമനം

Recharge your Reading പദ്ധതി 4 മാസം പിന്നിട്ടുനിൽക്കുമ്പോൾ, ഓരോ കുട്ടിയുടെയും വായനയിലെ ഗ്രാഫ് മുന്നേറി വരുന്നതായി കാണാം. അതോടൊപ്പം കുട്ടികൾക്ക് വ്യത്യസ്ത ഭാഷ കൈകാര്യം ചെയ്യുന്നതിനും , ആശയ സമ്പുഷ്ടമായ ചിന്താശേഷി ഉണർത്തുന്നതിനും , ആത്മവിശ്വാസം ഉണ്ടാക്കുവാനും ഈ പദ്ധതി ഏറെ സഹായകരമാവുന്നു.

വിദ്യാലയത്തിന്റെ നേതൃത്വ ഗുണവും, അധ്യാപകരുടെ ഊർജ്ജവും, രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണയും ഈ പദ്ധതിയുടെ വിജയത്തിനു പിന്നിൽ ഇന്നും പ്രവർത്തിച്ചു വരുന്നു .......

## മേന്മകൾ

1.വായന എന്ന മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന ഈ പദ്ധതി, ഭാഷാ നൈപുണികളിലെ മറ്റു മേഖലകളായ :-

L-Listening

S-speaking

W-writing .....എന്നീ മേഖലകൾക്കു കൂടി പരിശീലനം ലഭ്യമാവുന്നു.

2.ആശയ സമ്പുഷ്ടമായ ചിന്താശേഷി കുട്ടികളിലുണ്ടാക്കുന്നു.

3.തന്റെ കഴിവിൽ ആത്മവിശ്വാസം ഉണർത്താൻ കഴിയുംവിധമുള്ള വിവിധ പ്രക്രിയകളിലൂടെ കടന്നുപോകാൻ കുട്ടിക്ക് അവസരം ലഭിക്കുന്നു.

4.കുട്ടികളിൽ മത്സരബുദ്ധിയും കർമ്മോത്സുകതയും സൃഷ്ടിക്കാൻ സാധിക്കുന്നു.

5.പ്രചോദനങ്ങളും പ്രോത്സാഹനങ്ങളും അംഗീകാരങ്ങളും കുട്ടികളുടെ കഴിവിനെ മുന്നോട്ടു നയിക്കുന്നു.

6.വിവിധ ഭാഷകളിലൂടെ സുഗമമായ ആശയവിനിമയം സാധ്യമാവുന്നു.

7.വിവിധതരം പുസ്തകങ്ങൾ, എഴുത്തുകാർ, വ്യത്യസ്ത വീക്ഷണങ്ങൾ തുടങ്ങിയവ കുട്ടികൾ പരിചയപ്പെടുന്നു.

8.ദൈനംദിന പ്രവർത്തനങ്ങളിൽ, പത്രവായന കുട്ടിയുടെ ശീലമായി മാറുന്നു.

9.സ്വയം വിലയിരുത്തൽ ,പരസ്പര വിലയിരുത്തൽ എന്നിവയ്ക്കുള്ള സാധ്യതകൾ ഒരുക്കുന്നു.

10.ഓരോ കുട്ടിയേയും കൃത്യമായി വിലയിരുത്താനും,തുടർ മൂല്യനിർണ്ണയത്തിനും ഇതിലെ പ്രക്രിയകൾ സഹായകമാകുന്നു.